©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപതാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപതാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

235/2021.

ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | I |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും തുടർ ശിപാർശകളും | .. | 29 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019 -2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ് .

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

**ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി. , ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി

**2020 മാർച്ച് മാസം 8-ാം തീയതി നിര്യാതനായി

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)-യുടെ അറുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ (മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ (മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ അഞ്ചാമത് റിപ്പോർട്ട് 2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 31 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടികളും ഇവയിന്മേലുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പുകളും 6-8-2008, 24-12-2008, 10-11-2009, 8-12-2009, 5-11-2012, 22-9-2015, 18-9-2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി, സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ/ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെയും ആയതിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി, തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

**സമിതിയുടെ ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും തുടർശിപാർശയും.**

### ഖണ്ഡിക നമ്പർ 106

#### ശിപാർശ

2.1.1 മരാമത്ത് വേലകളിൽ അധിക നിരക്ക് നൽകിയതിന് ഉത്തരവാദികളായ ഓവർസിയർ ശ്രീ. കെ. അബു, സെക്രട്ടറിയായിരുന്ന ശ്രീ. എൻ.കെ. മുഹമ്മദ് സൈനുദ്ദീൻ

എന്നിവർക്കെതിരെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അടിയന്തര സർചാർജ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 മരാമത്ത് വേലകളിൽ അധിക നിരക്ക് നൽകിയതിന് ഉത്തരവാദിയെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയ ഓവർസിയർ ശ്രീ. കെ. അബുവിന്റെ പേരിലുള്ള സർചാർജ് നടപടിയിൽ നിന്നും ടിയാൻ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 6-9-2007-ലെ എൽ.എഫ്.11512/സ്പെ.സെൽ/ എസ്.സി.5/04 നമ്പർ കത്ത് പ്രകാരം ടിയാനെ ഒഴിവാക്കുകയും വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ 22-10-2008-ലെ എം1-21609/07 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിലെ ഖണ്ഡിക 106, 111 പ്രകാരമുള്ള നഷ്ട തുക പലിശ സഹിതം ഉത്തരവാദികളായ ഉദ്യോഗസ്ഥരായ ശ്രീ.കെ. അബു, ശ്രീ.എൻ.കെ. മുഹമ്മദ് സൈനുദ്ദീൻ എന്നിവരിൽ നിന്നും ആർ.ആർ./ജപ്തി അടക്കമുള്ള നടപടിയിലൂടെ ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ട തുക അടവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോട് 14-11-2008-ലെ സി1-1632/05 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത കത്തിന് ശ്രീ. എൻ. കെ. മുഹമ്മദ് സൈനുദ്ദീൻ നൽകിയ മറുപടിയിൽ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 44,45 പ്രകാരമുള്ള ബാദ്ധ്യത അന്നത്തെ പഞ്ചായത്ത് ഓവർസിയറായിരുന്ന ശ്രീ. അബുവിന്റെ പേരിൽ രേഖപ്പെടുത്തിയിട്ടുള്ള തായിരുന്നുവെന്നും പഞ്ചായത്ത് നേരിട്ട് നടത്തിയ പ്രവൃത്തികളുടെ മസ്റ്റർ റോൾ തയ്യാറാക്കി ഒപ്പു വെച്ചിട്ടുള്ളതും സാധന സാമഗ്രികൾ വാങ്ങിയത് സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ശ്രീ. അബു തന്നെയാണെന്നും ഈ പ്രവൃത്തി ലോക്കൽ വർക്ക്സ് എഞ്ചിനീയറിംഗ് വിഭാഗം നിലമ്പൂർ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ മേൽനോട്ടത്തിലാണ് നടന്നിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ഈ ബാദ്ധ്യത സംബന്ധിച്ച് തന്നോട് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ലെന്നും ഈ ബാദ്ധ്യതയുടെ കാര്യത്തിൽ മേൽനോട്ടം വഹിച്ച എഞ്ചിനീയറുടെയും ഓവർസിയറുടെയും വിശദീകരണം വാങ്ങിക്കേണ്ടതാണെന്നും മേൽ ബാദ്ധ്യതയ്ക്ക് പൂർണ്ണ ഉത്തരവാദിത്വം പഞ്ചായത്ത് ഓവർസിയർ ശ്രീ. കെ. അബു, ലോക്കൽ വർക്ക്സ് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർക്കാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓവർസിയർ ശ്രീ. കെ. അബു, ബഹു. കേരള ഹൈക്കോടതിയിൽ നിന്നും WP(C) No.35339/2008 പ്രകാരം സ്റ്റേ വാങ്ങിയിട്ടുണ്ട്. ആയതിന് 25-8-09 ന് ബഹു. കേരള ഹൈക്കോടതി മുമ്പാകെ കൗണ്ടർ ബോധിപ്പിച്ചിട്ടുമുണ്ട്. ഇതുവരെയും ഈ കേസ്സിൽ തീർപ്പ് കൽപ്പിച്ചിട്ടില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.1.3 പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുൻപാകെ കേസ് നിലവിലുള്ളതുമാണ്.

<u>5-11-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.1.4 സർചാർജ് നടപടി ഒഴിവാക്കി കിട്ടുന്നതിനായി കുറ്റാരോപിതനായ ഓവർസിയർ ഓഡിറ്റ് വകുപ്പിൽ നൽകിയ വിശദീകരണമെന്താണെന്ന് സമിതിയെ ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന് ഓഡിറ്റ് വകുപ്പിനോടും ശ്രീ. കെ. അബു, ടിയാനെതിരെയുള്ള വകുപ്പുതല നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒരു മാസത്തിനകം നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും സമിതി ആവശ്യപ്പെട്ടു.

<u>5-11-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച വിശദീകരണം</u>

2.1.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008) യുടെ 5-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 106 നിലമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 1997-1998 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 44-ആയി ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 34, 35, 36(1)(2), 37, 38, 39, 44, 45, 46, 48 എന്നിവയിലെ 2,14,214 രൂപയുടെ നഷ്ടത്തിനുത്തരവാദി ഓവർസിയർ ശ്രീ. അബു ആണ്. പ്രസ്തുത നഷ്ടം ഈടാക്കുന്നതിന് 27-7-2005-ൽ ശ്രീ. അബുവിന് സർചാർജ് നോട്ടീസ് അയച്ചിരുന്നു.

ഖണ്ഡിക 35, 36, 44 എന്നിവയിലെ അപാകതകൾ പരിഹരിക്കുന്നതിന് 26-3-2005/28-4-2005-ലെ എൽ.എഫ്.എം. 13/71/01 പ്രകാരം ശുദ്ധിപത്രം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഖണ്ഡിക 44-ലെ നഷ്ടത്തുകയായ 74,668 രൂയിൽ 27,028 രൂപ 30-11-2005-ലെ 11/55693 രസീത് പ്രകാരം അടവാക്കിയതിനാൽ 27-7-2005-ലെ എൽ.എഫ്.11512/ സ്പെ.സെൽ/ എസ്.സി5/04 പ്രകാരം 24-3-2006-ൽ സർചാർജ് നോട്ടീസ് പുതുക്കി പുറപ്പെടുവിച്ചു. ഇതിന് 26-5-2006-ൽ ശ്രീ. അബു മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ 1997-98 വർഷത്തെ നിലമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ഖണ്ഡിക 36-ൽ പ്രാദേശിക നിരക്കിൽ അർഹമായ കൂലിയും അതിന്റെ വിശദാംശങ്ങളിൽ രേഖപ്പെടുത്തിയ കൂലിയും വ്യത്യസ്തമായതിനാൽ ഈ ഖണ്ഡികയിന്മേൽ 29-11-2006-ലെ എൽ.എഫ്.എം. 5/1739/06 പ്രകാരം ശുദ്ധിപത്രം പുറപ്പെടുവിച്ചു.

സർചാർജ് നോട്ടീസ് അയച്ചതിനുശേഷം ശുദ്ധിപത്രം പുറപ്പെടുവിച്ചതിനാലും സർചാർജ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ നിയമപരമായി നിലനിൽക്കുകയില്ല എന്നതിനാലും ആണ് സർചാർജ് നടപടിയിൽ നിന്നും ശ്രീ. അബുവിനെ ഒഴിവാക്കി വകുപ്പുതല നടപടിയിലൂടെ നഷ്ടം ഈടാക്കാൻ ശിപാർശ ചെയ്തതെന്നും അറിയിക്കുന്നു. സമിതി ആവശ്യപ്പെട്ടതു പ്രകാരം ശ്രീ. അബുവിന്റെ 26-5-2006-ലെ വിശദീകരണം, 28-4-2005, 29-11-2006 എന്നീ തീയതികളിലെ ശുദ്ധിപത്രങ്ങൾ എന്നിവയുടെ പകർപ്പുകൾ എന്നിവ ഇതോടൊപ്പം അയയ്ക്കുന്നു.

5-11-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

2.1.6 ബഹു. നിയമസഭാസമിതി (2006-08) യുടെ 5-ാമത് റിപ്പോർട്ടിലെ 106, 111 എന്നീ ഖണ്ഡികകളിലെ ശിപാർശ പ്രകാരം സ്വീകരിച്ച നടപടികളിന്മേൽ പഞ്ചായത്ത് ഓവർസിയർ ശ്രീ. കെ. അബു ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 35339/04 നമ്പർ കേസ്സിന്മേൽ ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല എന്ന വിവരം അഡ്വക്കേറ്റ് മുഖാന്തരം അറിയുവാൻ സാധിച്ചിട്ടുണ്ടെന്ന് നിലമ്പൂർ നഗരസഭാ സെക്രട്ടറി 9-6-2011-ലെ ജി4-8988/11 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ടി കേസ്സിന്റെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ 27-1-2017-ലെ എം 1-21609/07 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടപ്പോൾ ഇതു സംബന്ധിച്ച ഫയലുകൾ നഗരസഭയ്ക്ക് കൈമാറിയതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലോ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലോ ലഭ്യമല്ലായെന്ന് മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 2-3-2017 ലെ എ 4-19369/14 നമ്പർ കത്ത് പ്രകാരം മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന വിവരവും സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.1.7 ശ്രീ. കെ. അബു, ടിയാനെതിരെയുള്ള വകുപ്പുതല നടപടിക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസ് [WP(C)35339/2008] ട്രാൻസ്ഫേർഡ് ആപ്ലിക്കേഷൻ നമ്പർ പ്രകാരം (898/13) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ്സായി നിലനിൽക്കുന്നു എന്ന് പ്രാദേശിക പരിശോധനാവേളയിൽ നഗരസഭാ അധികൃതർ അറിയിച്ചിട്ടുണ്ട്. (ജി5-19756/18 തീയതി, 12-4-2019 കത്ത് മുഖേന)

തുടർശിപാർശ

**2.1.8 കുറ്റക്കാരനെതിരെയുള്ള വകുപ്പുതല നടപടിക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസ്സിന്റെ വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

അദ്ധ്യായം III

## സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും

### ഖണ്ഡിക നമ്പർ 4

ശിപാർശ

3.1. ആനക്കയം ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന് അധിക വില നൽകിയത് സംബന്ധിച്ച ആഡിറ്റ് പരാമർശം ഒഴിവാക്കിയ മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

### ഖണ്ഡിക നമ്പർ 8

ശിപാർശ

3.2.1 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി യൂണിഫോം നൽകുന്ന പ്രോജക്ടിൽ അധിക നിരക്ക് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ 68,262 രൂപയുടെ നഷ്ടം ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീമതി സരോജിനിയമ്മയിൽ നിന്ന് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 17-12-2005-ലെ എ.4-652/05 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി മലപ്പുറം ജില്ലാ കലക്ടർക്ക് അപേക്ഷ നൽകിയിരുന്നു. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീമതി സരോജിനി അമ്മ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യൂ.പി. (സി) 6650/06 നമ്പറായി റിട്ട് ഫയൽ ചെയ്തതിൽ കേസ് തീർപ്പാകുന്നത് വരെ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.3 ബഹു. കേരള ഹൈക്കോടതിയുടെ 15-3-2006-ലെ ഉത്തരവുപ്രകാരം കേസിൽ തീർപ്പാകുന്നതുവരെ തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. എൽ.എഫ്./എ.4/534/06 തീയതി, 14-8-2008 കത്ത് പ്രകാരം വിശദമായ വസ്തുതാ വിവരണ പത്രിക കോടതിക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ എതിർ സത്യവാങ്മൂലം 22-9-2008-ന് ഫയൽ ചെയ്തിട്ടുണ്ട്. കേസിൽ കോടതി വിധി ആയിട്ടില്ല.

10-11-2009 ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.2.4 കോടതിയുടെ പരിഗണനയിലുള്ള കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് ആരായുന്നതിനും കോടതി വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

10-11-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

3.2.5 ബഹു. കേരള ഹൈക്കോടതിയിൽ ശ്രീമതി സരോജിനി അമ്മ (മുൻ സെക്രട്ടറി, എടപ്പാൾ ഗ്രാമപഞ്ചായത്ത്) ഫയൽ ചെയ്ത കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ല എന്ന് എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4-6-2013-ലെ എ 1-2971/13 നമ്പർ കത്ത് പ്രകാരം അറിയിച്ചു. കേസ് തീർപ്പാക്കുന്ന മുറയ്ക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 23-7-2013-ലെ 21699/എബി2/10/ത.സ്വ.ഭ.വ. നമ്പർ കത്തുമുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.6 ശ്രീമതി സരോജിനി അമ്മ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 6650/2006 നമ്പർ കേസ് 20-2-2014-ന് ബഹു. കോടതിയുടെ പരിഗണനയ്ക്ക് വന്നതായും കേസ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് മാറ്റിയതായി അഡ്വ.ജനറലിന്റെ 29-5-2014-ലെ G3-WP(C) 6650/06 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

22-9-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.2.7 പ്രസ്തുത ശിപാർശയിന്മേലുള്ള കോടതി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

22-9-2015-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

3.2.8 എടപ്പാൾ ഗ്രാമപഞ്ചായത്തിലെ 1997/98 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്കൂൾ കുട്ടികൾക്ക് 29-6-1998 തീയതിയിലെ 260/98-99 നമ്പർ വൗച്ചർ പ്രകാരം 68,262 രൂപയ്ക്ക് യൂണിഫോം വിതരണം ചെയ്തിരുന്നു. അതിനെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം സർചാർജ് ചെയ്യുകയും തുടർന്ന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ആയതിനെതിരെ ടിയാരി നൽകിയ ഹർജി 22-3-2018 -ന് കോടതി തള്ളിയിട്ടുണ്ട്.

തുടർന്ന് ടിയാരിയിൽ നിന്ന് 21-7-2018-ന് 68,262 രൂപ ഈടാക്കി 118060103438 നമ്പർ രസീതായി വരവ് വച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.9 നഷ്ട തുകയായ 68,262 രൂപ 21-7-2018-ലെ 118060103438 നമ്പർ രസീത് പ്രകാരം ശ്രീമതി സരോജിനി അമ്മയിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 10**

ശിപാർശ

3.3 ദുർബ്ബല വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 15**

ശിപാർശ

3.4.1 ബസ്സ് വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മാണത്തിന് വ്യാജ മസ്റ്റർറോൾ ഉണ്ടാക്കി ചെലവാക്കിയതായി കാണിച്ചിട്ടുള്ള 3,909 രൂപ ഉൾപ്പെടെയാണോ 16,181 രൂപ ശ്രീ കെ. പി. രാമകൃഷ്ണനിൽ നിന്ന് ഈടാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അക്കാര്യം കൂടി വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.4.2 ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്നും ഈടാക്കിയ 16,181 രൂപയിൽ പ്രസ്തുത 3,909 രൂപയും ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.4.3 ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്ന് ഈടാക്കിയ 16,181 രൂപയിൽ പ്രസ്തുത 3,909 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 97-98 ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട താഴെ പറയുന്ന ഖണ്ഡികകൾ പ്രകാരമാണ് നഷ്ടത്തുകയായ 16,181 രൂപ അടവാക്കിയിട്ടുള്ളത്. (റസീപ്റ്റ് 15963/74/20-12-2005)

| | | |
|---|---|---|
| ഖ. | 36(1) | 825 |
| | 36(2) | 324 |
| | 38 | 165 |
| | 40 | 3909 |
| | 43 | 8738 |
| | 44 | 2220 |
| | | ------- |
| | ആകെ | 16181 |
| | | ===== |

**ഖണ്ഡിക നമ്പർ 17**

ശിപാർശ

3.5.1. ചുങ്കം-കല്ലാഞ്ചിറ റോഡ് പ്രവൃത്തിയിൽ മൂല്യ നിർണ്ണയത്തിൽ കൂടുതലായി ചെലവഴിച്ച 8,738 രൂപ കൂടി ഉൾപ്പെടുത്തിയാണോ ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്ന് 16,181 രൂപ തിരിച്ചുപിടിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ (നമ്പർ എച്ച് 5/35992/05 തീയതി 3-3-2006) വിശദമാക്കിയിട്ടില്ലാത്തതിനാൽ അക്കാര്യം കൂടി വ്യക്തമാക്കി ഇനം തിരിച്ച് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.5.2 ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്നും ഈടാക്കിയ 16,181 രൂപയിൽ പ്രസ്തുത 8,738 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. അധികം നൽകിയ തുക 8,738 രൂപയാണ്. സമിതിയുടെ റിപ്പോർട്ടിൽ ആയത് ചില ഭാഗങ്ങളിൽ 8,758 രൂപയെന്ന് രേഖപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.5.3 ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്നും ഈടാക്കിയ 16181 രൂപയിൽ പ്രസ്തുത 8,738 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വെട്ടത്തൂർ ഗ്രാമപഞ്ചായത്തിന്റെ 1997-98 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഖണ്ഡികകൾ പ്രകാരമാണ് നഷ്ടത്തുകയായ 16,181 രൂപ അടവാക്കിയിട്ടുള്ളത്. (രസീത് 15963/74/20-12-2005)

| | |
|---|---|
| ഖണ്ഡിക 36(1) | 825 |
| 36 (2) | 324 |
| 38 | 165 |

| 1 | 2 |
|---|---|
| 40 | 3909 |
| 43 | 8738 |
| 44 | 2220 |
| ആകെ | 16181 |

**ഖണ്ഡിക നമ്പർ 21**

<u>ശിപാർശ</u>

3.6 മേൽ പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 28**

<u>ശിപാർശ</u>

3.7.1 ശ്രീ. പി. ചന്ദ്രശേഖരനെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക തിരിച്ചുപിടിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 1997-98 ഓഡിറ്റ് റിപ്പോർട്ട് പാര 3 (48) ടാർ-കാലി ബാരലിന്റെ വില ഈടാക്കിയതിൽ നഷ്ടം 8,800 രൂപ ശ്രീ. പി. ചന്ദ്രശേഖരനിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം 8,800 രൂപയും പലിശയും ഉൾപ്പെടെ 12,994 രൂപ താഴെ പറയും പ്രകാരം 4 ഗഡുക്കളായി ഈടാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

| രശീതി നമ്പർ | തീയതി | സംഖ്യ |
|---|---|---|
| 1. 29843/54 | 12-5-2006 | 6496 |
| 2. 29846/20 | 17-6-2006 | 2166 |
| 3. 29846/58 | 12-7-2006 | 2166 |
| 4. 29846/89 | 22-7-2006 | 2166 |
| ആകെ | | 12994 |

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.3 1997-98 ഓഡിറ്റ് റിപ്പോർട്ട് ഖ. 3(48), ടാർ 80 കാലിബാരൽ വില 8,800 രൂപ (80 x110) പലിശയടക്കം 12,994 രൂപ ഉത്തരവാദിയായ ശ്രീ. പ്രദീപ് ചന്ദ്രശേഖരൻ, S/o അയ്യപ്പൻ, നെടുവ എന്നവരിൽ നിന്നും റവന്യൂ റിക്കവറി വഴി താഴെപ്പറയും പ്രകാരം 4 ഗഡുക്കളായി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ട്.

| രശീതി നമ്പർ | തീയതി | സംഖ്യ |
|---|---|---|
| 1. 29843/54 | 12-5-2006 | 6496 |
| 2. 29846/20 | 17-6-2006 | 2166 |
| 3. 29846/58 | 12-7-2006 | 2166 |
| 4. 29846/89 | 22-7-2006 | 2166 |
| ആകെ | | 12994 രൂപ |

**ഖണ്ഡിക നമ്പർ 32**

<u>ശിപാർശ</u>

3.8.1 ശ്രീ. കെ. ടി അയ്യപ്പന് എതിരെയുള്ള സർചാർജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 12-2-2008-ലെ എൽ.എഫ്./7741/സ്പെ.സെൽ/ എസ്.സി.3/ എസ്.സി.5/2000 നമ്പർ പ്രകാരം 19334 രൂപയുടെ സർചാർജ് നോട്ടീസ് ശ്രീ. കെ. ടി. അയ്യപ്പന് നൽകിയിട്ടുണ്ട്. ഇതു പ്രകാരം 21-8-2008-ലെ എ 327/2007 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടി വഴി നഷ്ടത്തുക ഈടാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.3 21-8-2008-ലെ എ 327/07 നമ്പർ കത്ത് പ്രകാരം (നമ്പർ.ബി2-278/07/21-8-2008 എന്ന നമ്പരാണ് ഫയലിൽ ഉള്ളത്) റവന്യൂ റിക്കവറി വഴി നഷ്ടത്തുക ഈടാക്കാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക്

അപേക്ഷ നൽകിയതിന്മേൽ സ്വീകരിച്ച നടപടികൾ പരിശോധിച്ചു. ഇക്കാര്യത്തിൽ അനന്തര നടപടികളൊന്നും തന്നെ എടുത്തതായി ഫയലിൽ കാണുന്നില്ല. റവന്യൂ റിക്കവറി നടപടികൾ തുടങ്ങുന്നതിനായി ജില്ലാ കളക്ടർ ബന്ധപ്പെട്ട തഹസിൽദാർക്ക് കത്ത് കൈമാറിയതിന്റെ വിവരം പോലും ലഭ്യമായിട്ടില്ലെന്ന് സെക്രട്ടറി ബോധിപ്പിച്ചു. നഷ്ടത്തുക ഈടാക്കിയതിന്റെ വിവരവും ഫയലിൽ ലഭ്യമല്ല.

<u>10-11-2009 -ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.8.4 വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ടി. അയ്യപ്പനെതിരെയുള്ള സർചാർജ് നടപടികൾ ത്വരിതപ്പെടുത്തണമെന്ന സമിതിയുടെ ശിപാർശയുള്ളപ്പോൾ ടിയാനെതിരെ ആർ.ആർ. നടപടികൾ സ്വീകരിച്ചതിന്റെ കാരണമെന്താണെന്നും ടിയാൻ ഇപ്പോൾ സർവ്വീസിൽ ഉണ്ടോയെന്നും ആർ.ആർ. നടപടിയ്ക്ക് ശിപാർശ ചെയ്തതാരാണെന്നും സർചാർജ് നടപടികൾ സ്വീകരിക്കാതിരുന്നതെന്തു കൊണ്ടാണെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആരാഞ്ഞു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.5 തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിയുമായി ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ സർചാർജ്ജ് നടപടികൾ സ്വീകരിക്കാതെ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തത് അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. കെ. ഹരിദാസ് ആയിരുന്നു. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കോൺഫറൻസ് നിർദ്ദേശത്തെ തുടർന്നാണ് മേൽ നടപടി സ്വീകരിച്ചത് എന്നാണ് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. പി. കെ. ഹരിദാസ് വാക്കാൽ അറിയിച്ചത്. സർചാർജ്ജ് നടപടി സ്വീകരിക്കാതെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ കാരണങ്ങൾ കാണിക്കുന്ന രേഖകൾ ഒന്നും ഓഫീസിൽ പരിശോധനയിൽ കാണുന്നില്ല.

ടിയാൾ കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫയർ സൊസൈറ്റി (KREWS) സെക്രട്ടറിയായിരിക്കെ 31-3-2008-ൽ റിട്ടയർ ചെയ്ത് പോയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 32 ആയി പരാമർശിച്ചിട്ടുള്ളത് വഴിക്കടവ് ഗ്രാമപഞ്ചായത്തിന്റെ 1999 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക III 38 (a) ആണ് " ഉപാധി രഹിത ഫണ്ട്-ബസ് സ്റ്റാന്റ് അഭിവൃദ്ധിപ്പെടുത്തൽ - അപാകതകൾ" . എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് അയച്ചു തന്ന അധിക വിവരങ്ങൾക്കുള്ള മറുപടിയിൽ ഖണ്ഡിക 32 ആയി പരാമർശിച്ചിരിക്കുന്നത് തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിയെ സംബന്ധിച്ചാണ്. ഖണ്ഡിക 32 പ്രകാരമുള്ള നഷ്ടത്തിന് ഉത്തരവാദി മുൻ സെക്രട്ടറി ശ്രീ.കെ.ടി.അയ്യപ്പനാണ്. നഷ്ടം ഈടാക്കുന്നതിനായി 17-1-2006-ലെ എൽ.എഫ്.7741/സ്പെ.സെ/ എസ്.സി3/എസ്.സി.5/2000 നമ്പരായി ശ്രീ. കെ. ടി. അയ്യപ്പന്റെ പേരിൽ 22,750 രൂപയുടെ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. സർചാർജ് നോട്ടീസിന് ശ്രീ. അയ്യപ്പൻ സമർപ്പിച്ച മറുപടി പരിശോധിച്ച് ടിയാന്റെ പേരിലുള്ള ബാദ്ധ്യത 19,334 രൂപയായി കുറവ് ചെയ്യുകയും തുക ഈടാക്കുന്നതിന് 11-2-2008/12-2-2008-ലെ എൽ.എഫ്.7741/സ്പെ.

സെൽ/എസ്.സി.3/എസ്.സി./2000 പ്രകാരം സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. അയ്യപ്പൻ ബഹു. കോടതിയെ സമീപിച്ചിട്ടില്ലാത്തതിനാലും 19,334 രൂപ തിരിച്ചടവാക്കാത്തതിനാലും ശ്രീ. അയ്യപ്പനിൽ നിന്നും 19,334 രൂപ റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21-8-2008-ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. സർചാർജ് സർട്ടിഫിക്കറ്റിനെതിരെ ടിയാൻ ബഹു. കോടതിയെ സമീപിക്കുകയോ തുക അടവാക്കുകയോ ചെയ്യാത്ത സ്ഥിതിക്ക് നഷ്ടം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിൽ അപാകതയില്ലെന്ന് ബഹു. സമിതിയെ അറിയിച്ചുകൊള്ളുന്നു. സർക്കാർ ഉത്തരവ് എം. എസ്. നമ്പർ 95/2005/ജി.എ.ഡി. 1-4-2005 പ്രകാരം പഞ്ചായത്തിന് നഷ്ടമായ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

<u>22-9-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.8.7 പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഒരു ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

<u>22-9-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി</u>

3.8.8 ഉത്തരവാദിയായ സെക്രട്ടറി ശ്രീ. കെ. ടി. അയ്യപ്പന്റെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 12-2-2008-ലെ എൽ.എഫ്.7741/സ്പെ.സെൽ/എസ്.സി.5/എസ്.സി./2000 പ്രകാരം 19,334 രൂപയുടെ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. ടിയാൻ സർവ്വീസിൽ നിന്ന് 31-3-2008-ന് വിരമിച്ചിട്ടുള്ളതാണ്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2006-2008-യുടെ നിർദ്ദേശപ്രകാരം 4,835 രൂപ നാലാം ഗഡു, ആകെ 19,334 രൂപ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ടി. അയ്യപ്പനിൽ നിന്നും കോഴിക്കോട് തഹസിൽദാർ (ആർ. ആർ.) റവന്യൂ റിക്കവറി മുഖേന ഈടാക്കി (11-9-2018 തീയതിയിലെ 596656 നമ്പർ ഡി. ഡി. പ്രകാരം) 25-10-2018 തീയതിയിൽ 118220400011 നമ്പർ രസീത് പ്രകാരം വഴിക്കടവ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ള വിവരം സെക്രട്ടറി അറിയിച്ചിട്ടുള്ളത് ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.9 നഷ്ട തുക 19,334 രൂപ ആർ. ആർ. നടപടികളിലൂടെ ശ്രീ. അയ്യപ്പനിൽ നിന്ന് ഈടാക്കി ചുവടെ ചേർത്ത രസീതുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

| | |
|---|---|
| 118220400007/3-8-2018 | ₹ 4833 |
| 118220400001/7-7-2018 | ₹ 4833 |
| 118220400010/18-9-2018 | ₹ 4833 |
| 1182204000011/25-10-2018 | ₹ 4835 |
| ആകെ | ₹ 19,334 |

## ഖണ്ഡിക നമ്പർ 37

ശിപാർശ

3.9.1 ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നിർദ്ദേശം സമിതി അംഗീകരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.9.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (മലപ്പുറം) 5-9-2007-ലെ എൽ.എഫ്.എം13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുള്ള വിവരം അറിയിച്ചിരിക്കുന്നു.

## ഖണ്ഡിക നമ്പർ 39

ശിപാർശ

3.10.1 ആനമറി ഫോറസ്റ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 90,000 രൂപയുടെ മൂല്യനിർണ്ണയമാണ് നടത്തിയിട്ടുള്ളതെങ്കിലും 1,02,794 രൂപ ഗുണഭോക്തൃ സമിതി ചെലവഴിച്ചിട്ടുള്ളതിനാൽ അധിക തുക വരുന്നില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ (16-2-200-ലെ എൽ.എഫ്.20819/സ്പെ.സെൽ ജി1/05 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.10.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (മലപ്പുറം) 5-9-2007-ലെ എൽ.എഫ്./എം13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുള്ള വിവരം അറിയിച്ചിരിക്കുന്നു.

## ഖണ്ഡിക നമ്പർ 45

ശിപാർശ

3.11.1 തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിക്ക് അധികമായി നൽകിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള 33,320 രൂപ, അധികം ചെലവുകൾ വരുത്തിയതിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കണമെന്നും തിരിച്ചടവിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.2 21-8-2008-ലെ എ 327/2007 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടി വഴി നഷ്ടത്തുക ഈടാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.11.3 തണ്ണിക്കടവ്-മുരിങ്ങാമുണ്ട കനാൽ പണിക്ക് അധികം നൽകിയ 33,320 രൂപ 21-8-2008-ലെ എ 327/07 നമ്പർ കത്ത് പ്രകാരം (നമ്പർ ബി2.278/07/21-8-2008 എന്ന നമ്പരാണ് ഫയലിലുള്ളത്) റവന്യൂ റിക്കവറി വഴി ഈടാക്കാൻ മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതിന്മേൽ സ്വീകരിച്ച നടപടികൾ പരിശോധിച്ചു.

ഖണ്ഡികയിലെ നഷ്ടത്തിനുത്തരവാദിയായ ശ്രീ. പി. വിജയൻ താഴെ പറയുന്നവർക്കെതിരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് നമ്പർ ഡബ്ല്യൂ. പി. (സി) നമ്പർ 5437/2009(7).

1. സെക്രട്ടറി, വഴിക്കടവ് ഗ്രാമപഞ്ചായത്ത്
2. ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ.), ഏറനാട് താലൂക്ക് ഓഫീസ്
3. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
4. ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , മലപ്പുറം

മേൽ കേസുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി 18-2-2009 വരെ താൽക്കാലിക സ്റ്റേ അനുവദിക്കുകയും പിന്നീട് 19-3-2009-ന് കേസ്സിന്റെ വാദം കേട്ട ശേഷം 18-2-2009 മുതൽ വീണ്ടും ഒരുത്തരവുണ്ടാകുന്നതുവരെ സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

10-11-2009- ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.11.4 വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ തണ്ണിക്കടവ്-മുരിങ്ങാമുണ്ട കനാൽ പണിയുമായി ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെ സർചാർജ് നടപടികൾ സ്വീകരിക്കാതെ ആർ.ആർ. നടപടി സ്വീകരിച്ചതെന്തു കൊണ്ടാണെന്ന് സമിതി ആരാഞ്ഞു.

10-11-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

3.11.5 തണ്ണിക്കടവ്-മുരിങ്ങാമുണ്ട കനാൽ പണിയുമായി ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ സർചാർജ് നടപടികൾ സ്വീകരിക്കാതെ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തത് മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കെ. ഹരിദാസനായിരുന്നു. ബഹു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 30-9-2010-ലെ എൽ.എഫ്.16203/സ്പെ.സെൽ/എസ്.സി./06/04 നമ്പർ കത്ത് പ്രകാരം ചാർജ്/ സർചാർജ് നടപടികൾക്കെതിരെ കോടതികളിൽ കേസ് ഇല്ലാത്തവയിൽ ചാർജ്/ സർചാർജ് തുക

ആനുകൂല്യങ്ങളിൽ നിന്ന് ഈടാക്കുകയോ അല്ലാത്തപക്ഷം റവന്യൂ റിക്കവറി സ്വീകരിക്കുകയോ ചെയ്യുവാനും ആയത് സംബന്ധിച്ച വിവരം ലോക്കൽ ഫണ്ട് വകുപ്പിനെ അറിയിക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചത് ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കോൺഫറൻസിൽ നിർദ്ദേശം നൽകിയതനുസരിച്ചായിരുന്നെന്നും ശ്രീ. പി. കെ. ഹരിദാസൻ വാക്കാൽ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.11.6 തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിയുമായി ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദിയായിരുന്നത് പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. വിജയൻ ആണ്. മേൽ ഖണ്ഡിക പ്രകാരമുള്ള നഷ്ടം 39,604 രൂപ ഈടാക്കുന്നതിന് 4-5-2000-ലെ എൽ.എഫ്.7741/സ്പെ.സെൽ.[എസ്.സി.1/2000(4)] പ്രകാരം സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടില്ല. പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം ഖണ്ഡിക നഷ്ടം 33,320 രൂപ ഈടാക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ശ്രീ. വിജയൻ റവന്യൂ റിക്കവറി നടപടികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ WP(C)54307/09 നമ്പർ കേസ് ഫയൽ ചെയ്യുകയും റവന്യൂ റിക്കവറി നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുമുണ്ട്. ടിയാന്റെ മേൽ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടില്ല. സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് തലത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിർദ്ദേശിച്ച പ്രകാരമല്ല എന്ന വിവരം സമിതിയെ അറിയിച്ചു കൊള്ളുന്നു.

<u>22-9-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.11.7 പ്രസ്തുത പരാമർശം സംബന്ധിച്ച കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

<u>22-9-2015-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

3.11.8 വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ 1997-98 കാലയളവിലെ വാർഷിക ഓഡിറ്റിലെ ക്രമക്കേടിന് ഉത്തരവാദി പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. വിജയൻ എന്നവരാണെന്ന ലോക്കൽ ഫണ്ട് വിഭാഗത്തിന്റെ കണ്ടെത്തലിനെ തുടർന്ന് ശ്രീ. പി. വിജയൻ പഞ്ചായത്തിന് നൽകിയ മറുപടി 12-6-2000 തീയതിയിൽ നടന്ന പഞ്ചായത്ത് യോഗത്തിൽ ചർച്ച ചെയ്ത് വിശദമായ തീരുമാനം 6-ാം നമ്പർ പ്രകാരം കൈക്കൊണ്ടിരിക്കുന്നു. ആയതിൽ

ശ്രീ. പി. വിജയൻ സമർപ്പിച്ച മറുപടി സ്വയം വിശദീകരണ സ്വഭാവമുള്ളതും യാഥാർത്ഥ്യവുമാണെന്നും ഇദ്ദേഹം ചെയ്യാത്ത പ്രവൃത്തികൾക്ക് പണം നൽകുകയോ, കൂടുതൽ പണം നൽകുകയോ, ധനദുർവിനിയോഗം നടത്തുകയോ, ധനാപഹരണം നടത്തുകയോ ചെയ്തതായി പഞ്ചായത്ത് കരുതുന്നില്ല എന്നും ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവൃത്തികൾക്ക് എഞ്ചിനീയർ തയ്യാറാക്കിയ ഫൈനൽ ബിൽ തുകയേക്കാൾ കൂടുതൽ തുകക്കുള്ള പ്രവൃത്തി നടത്തിയിട്ടുണ്ടെന്ന കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ആയതിനാൽ തന്നെ ഓഡിറ്റിലെ പരാമർശ പ്രകാരമുള്ള യാതൊരു നഷ്ടവും ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ സംഭവിച്ചിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. വിജയനെതിരെ അച്ചടക്ക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മേൽ പരാമർശങ്ങൾ 2006-2008 കാലയളവിലെ സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ടു വരുന്നതിനു മുമ്പ് 2004 ഡിസംബർ 31-ന് ശ്രീ. പി. വിജയൻ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തിരിക്കുന്നു.

ബഹു.(നിയമസഭാ സമിതി) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ശ്രീ. പി. വിജയനിൽ നിന്നും 33,320 രൂപ റവന്യൂ റിക്കവറിമൂലം ഈടാക്കാനുള്ള ശ്രമം 2009-ൽ ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുപ്രകാരം നിർത്തി വയ്ക്കേണ്ടി വരുകയും തുടർന്ന് കേസ് ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിലേക്ക് മാറ്റുകയും 25-1-2018-ന് വച്ചിരുന്ന ഹിയറിംഗ് ട്രിബ്യൂണലിന്റെ സമയപരിമിതിമൂലം നടന്നിട്ടില്ലെന്നും സവിനയം ബോധിപ്പിക്കുന്നു. കേസ് നടപടികൾ ത്വരിതപ്പെടുത്താൻ പഞ്ചായത്തിന്റെ അഭിഭാഷകനോട് എ 3-4123/18 തീയതി 7-6-2018 കത്ത് മുഖേന പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.11.9 നഷ്ടതുക 33,320 രൂപ ആർ.ആർ. നടപടികളിലൂടെ ശ്രീ. പി. വിജയനിൽ നിന്ന് ഈടാക്കി 7-7-2018-ലെ 118220400002 നമ്പർ രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 47**

<u>ശിപാർശ</u>

3.12 നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

ഖണ്ഡിക നമ്പർ 51

ശിപാർശ

3.13.1 പമ്പ് സെറ്റുകൾ റെയ്ഡ്കോയിൽ നിന്നാണ് വാങ്ങിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയും സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയതെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയ 20,500 രൂപ ക്യാഷ് ഡിസ്ബേഴ്സ് ചെയ്ത കൃഷി ഓഫീസർ ശ്രീ. പ്രകാശ് പുത്തൻ മഠത്തിൽ, അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ. രാമചന്ദ്രൻ എന്നിവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6-8-2008-ലെ സമിതിയോഗ നിർദ്ദേശം

3.13.2 ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന ശ്രീ. പ്രകാശ് പുത്തൻ മഠത്തിലിന്റെ അപേക്ഷ പരിഗണിച്ച യോഗം പരാതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്ത്, വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു.

6-8-2008-ലെ സമിതിയോഗ നിർദ്ദേശപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച റിപ്പോർട്ട്

3.13.3 കോട്ടക്കൽ കൃഷി ഓഫീസർ ശ്രീ. പ്രകാശ് പുത്തൻമഠത്തിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് താഴെപ്പറയും പ്രകാരം റിപ്പോർട്ടു ചെയ്തുകൊള്ളുന്നു:

1997-98 വർഷത്തിൽ തെങ്ങുകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എട്ട് പമ്പുസെറ്റ് വിതരണം ചെയ്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് നിയമസഭാ സമിതി മുമ്പാകെ പമ്പുസെറ്റുകൾ വാങ്ങിയത് ഗവൺമെന്റ് ഏജൻസിയിൽ നിന്നാണ് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ തെറ്റായ വിശദീകരണം നൽകിയതിനാൽ നഷ്ടം വന്ന തുക തിരിച്ചടയ്ക്കാൻ നിയമസഭാ സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പരാമർശം പരിശോധന നടത്തി കൃഷി ഓഫീസറുടെ വിശദീകരണം പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ഗുണഭോക്താക്കൾ പമ്പുസെറ്റ് വാങ്ങിയതിന്റെ ബില്ല്, മറ്റ് രേഖകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിയമസഭാ സമിതിക്ക് തെറ്റായ വിശദീകരണം നൽകാൻ ഇടയായത് ഓർമ്മപ്പിശക് മൂലമാണ് എന്ന കൃഷി ഓഫീസറുടെ വിശദീകരണം അംഗീകരിച്ച് ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർ നടപടികൾ ഒഴിവാക്കാവുന്നതാണ്.

കൂടാതെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം മേൽ കാലയളവിൽ ശ്രീ. പി. സോമസുന്ദരൻ (1-4-1997 മുതൽ 2-8-1997 വരെ, 12-8-1997 മുതൽ 30-6-1998 വരെ) ശ്രീ. സി. വേലായുധൻ, ജൂനിയർ സൂപ്രണ്ട്, അധികം ചുമതല (3-8-1997 മുതൽ 11-8-1997 വരെ) എന്നിവരാണ്

സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് എന്ന വിവരവും അറിയിച്ചുകൊള്ളുന്നു. എന്നാൽ നിയമസഭാ സമിതി റിപ്പോർട്ടിൽ തെറ്റായി ശ്രീ. എ. രാമചന്ദ്രൻ എന്നയാളെയാണ് ഉത്തരവാദിയായി നിജപ്പെടുത്തിക്കാണുന്നത്, എന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

**ഖണ്ഡിക നമ്പർ 53**

ശിപാർശ

3.14 കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ നടപടി സദുദ്ദേശ്യത്തോടെ കൈക്കൊണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 57**

ശിപാർശ

3.15.1 സർചാർജ് നടപടി പ്രകാരമുള്ള 38,261 രൂപ ശ്രീ. തങ്കസ്വാമിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് തിരിച്ചുപിടിച്ചിട്ടുണ്ടോയെന്നും തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.15.2 ശ്രീ. തങ്കസ്വാമി, റിട്ടയേർഡ് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും 38,261 രൂപ ഈടാക്കുന്നതിന് 23-4-2006-ലെ ജെ. എസ്.83/06 നമ്പർ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകി. എന്നാൽ ടിയാൻ റിട്ടയർ ചെയ്തതിന് മൂന്ന് വർഷം മുമ്പുള്ള ബാദ്ധ്യത പഞ്ചായത്ത് ഡയറക്ടറുടെ 1-3-2007-ലെ എച്ച്1-4528/07 നമ്പർ സർക്കുലർ പ്രകാരം ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുവാൻ കഴിയില്ലെന്നും, റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17-9-2007-ലെ ഡി7/7740/04(2) നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരം സംഖ്യ ഈടാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടറോട് 19-4-2008-ന് എ 4-598/07 നമ്പർ കത്ത് മുഖേന ഫോറം 24-ൽ അപേക്ഷിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര തഹസിൽദാരെ ചുമതലപ്പെടുത്തിയതായി 14-5-2008-ലെ ആർ.9.32618/08 ഡി.ഡിസ്. നമ്പർ കത്ത് മുഖേന അറിയിച്ചു. റവന്യൂ റിക്കവറി നടപടികൾ നടത്തിയത് സംബന്ധിച്ച വിവരം ആരാഞ്ഞ് നെയ്യാറ്റിൻകര തഹസിൽദാരോട് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് ആഫീസിൽ നിന്നും 20-10-2009-ലും 24-11-2009-ലും കത്ത് അയച്ചുവെങ്കിലും മറുപടി ലഭിച്ചില്ല. ഈ വിവരം 4-1-2010-ൽ സർക്കാരിൽ റിപ്പോർട്ട് ചെയ്തു. 16-1-2010-ലെ 27780/ എബി2/08/

ത.സ്വ.ഭ.വ. നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരനെ നേരിട്ട് നെയ്യാറ്റിൻകര റവന്യൂ റിക്കവറി തഹസിൽദാർ ആഫീസിൽ അയച്ചു. റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി 7, 34 വകുപ്പുകൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസുകൾ വിഴിഞ്ഞം വില്ലേജ് ആഫീസർ മുഖേന നൽകുകയും ആയത് ശ്രീ. തങ്കസ്വാമി 2-7-2008-ൽ കൈപ്പറ്റിയിട്ടുള്ളതാണ്. ടി വ്യക്തിയുടെ പേരിൽ വിഴിഞ്ഞം വില്ലേജിൽ 25772 നമ്പർ തണ്ടപ്പേർ പ്രകാരം റീസർവ്വേ 680/10-ൽ 06.40 ആർ വസ്തു ഉണ്ടായിരുന്നു. ടി വസ്തു 2007-ൽ ടിയാന്റെ മകൻ ശ്രീ. രാജീവ്കുമാർ പേരിൽ കൈമാറ്റം ചെയ്തിട്ടുള്ളതാണ്. കുടിശ്ശിക കക്ഷി പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കളില്ലാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നിയമം 65-ാം വകുപ്പ് പ്രകാരം ശ്രീ. തങ്കസ്വാമിയ്ക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുന്ന നടപടിക്കായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് നെയ്യാറ്റിൻകര തഹസിൽദാർ 6-2-2010-ലെ ഡി.6-4064/08 നമ്പർ കത്തു മുഖേന പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.15.3 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 26, 27, 31, 32, 34 എന്നീ ഖണ്ഡികകളിൽ പരാമർശിച്ചിരുന്ന നഷ്ട തുകയായ 38,261 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനായ ശ്രീ. വി. തങ്കസ്വാമിയുടെ (റിട്ടയേർഡ് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി) ഗ്രാറ്റുവിറ്റിയിൽ നിന്ന് ഈടാക്കുന്നതിന് ജെ.എസ്.83/06 തീയതി 23-4-2006 നമ്പർ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ എച്ച്1-4528/07 തീയതി 1-3-2007 നമ്പർ സർക്കുലർ പ്രകാരം ജീവനക്കാർ റിട്ടയർ ചെയ്യുന്നതിന് തൊട്ടുമുമ്പുള്ള 3 വർഷങ്ങളിലുണ്ടായിട്ടുള്ള ബാദ്ധ്യതകൾ മാത്രമേ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് വസൂലാക്കാൻ കഴിയുകയുള്ളൂ എന്നും, ശ്രീ. തങ്കസ്വാമിയുടെ ബാദ്ധ്യത 1997-98 വർഷത്തേതായതിനാൽ ഗ്രാറ്റുവിറ്റിയിൽ നിന്ന് ഈടാക്കാൻ കഴിയില്ലെന്നും ആയത് റവന്യൂ റിക്കവറി വഴി ഈടാക്കണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡി1-6609/07(4) തീയതി 13-9-2007 നമ്പർ കത്ത് മുഖേന നിർദ്ദേശിക്കുകയാണ് ചെയ്തത്. ശ്രീ. വി. തങ്കസ്വാമി 31-5-2005-നാണ് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തത്.

തുടർന്ന് ടി തുക റവന്യൂ റിക്കവറി നടപടി വഴി ഈടാക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറോട് 19-4-2008-ലെ എ 4-598/07 നമ്പർ കത്ത് മുഖേന ഫോറം 24-ൽ ഗ്രാമപഞ്ചായത്ത് അപേക്ഷിക്കുകയും, തിരുവനന്തപുരം ജില്ലാ കളക്ടർ, റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനായി നെയ്യാറ്റിൻകര തഹസിൽദാരെ ചുമതലപ്പെടുത്തിയതായി 14-5-2008-ലെ ആർ9/32618/08/ഡി.ഡി.എസ്. നമ്പർ കത്ത് മുഖേന ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ചെയ്തു.

റവന്യൂ റിക്കവറി നടപടികളുടെ തുടർ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഗ്രാമപഞ്ചായത്ത് 20-10-2009-ലും 24-11-2009-ലും എ 4-598/07 നമ്പർ ആയി നെയ്യാറ്റിൻകര തഹസിൽദാർക്ക് കത്ത് അയച്ചിരുന്നുവെങ്കിലും മറുപടിയൊന്നും ലഭിക്കാത്തതിനാൽ ഇക്കാര്യം ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം ജില്ലാ കളക്ടറെയും തദ്ദേശസ്വയംഭരണ വകുപ്പിനെയും അറിയിച്ചതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഒരാളെ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിലേക്ക് അയച്ച് വിവരങ്ങൾ ശേഖരിക്കാൻ 15-1-10-ലെ 27780/എബി2/08/ത.സ്വ.ഭ.വ. നമ്പർ കത്തിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഒരു ജീവനക്കാരനെ നെയ്യാറ്റിൻകര (റവന്യൂ റിക്കവറി) തഹസിൽദാർ ഓഫീസിലേക്ക് അയച്ച് നേരിട്ട് വിവരശേഖരണം നടത്തിയതിൽ നിന്നും റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി 7, 34 വകുപ്പുകൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസുകൾ വിഴിഞ്ഞം വില്ലേജ് ഓഫീസ് മുഖേന നൽകിയത് ശ്രീ. തങ്കസ്വാമി 2-7-2008-ൽ കൈപ്പറ്റി. ടിയാളുടെ പേരിൽ വിഴിഞ്ഞം വില്ലേജിൽ 25772 നമ്പർ തണ്ടപ്പേർ പ്രകാരം റീസർവ്വേ 680/10-ൽ ഉണ്ടായിരുന്ന 6.40 ആർ വസ്തു 2007-ൽ മകൻ ശ്രീ. രാജീവ്കുമാറിന്റെ പേരിലേക്ക് കൈമാറ്റം ചെയ്തതിനാലും, ടിയാന്റെ പേരിൽ മറ്റ് സ്ഥാവര ജംഗമ സ്വത്തുക്കളില്ലാത്തതിനാലും റവന്യൂ റിക്കവറി നിയമം 65-ാം വകുപ്പ് ടിയാനെതിരെ പ്രയോഗിച്ച് അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുന്ന നടപടിക്കായി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും 6-2-2010-ലെ ഡി.6-4064/08 നമ്പർ കത്ത് മുഖേന നെയ്യാറ്റിൻകര തഹസിൽദാർ (റവന്യൂ റിക്കവറി) ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഇതിനുശേഷം ഈ വിഷയത്തിലുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങളോ രേഖകളോ ലഭ്യമല്ല എന്ന വിവരം അനന്തര നടപടികൾക്കായി അറിയിക്കുന്നു.

## 5-11-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.15.4 കുറ്റാരോപിതനായ റിട്ട. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായ ശ്രീ. തങ്കസ്വാമിയ്ക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടി തുടരുന്നതിൽ എന്താണ് തടസ്സമെന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകുന്നതിനും റവന്യൂ റിക്കവറി നടപടി സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സമിതിയ്ക്ക് സമർപ്പിച്ച മറുപടിയിൽ ഉൾക്കൊള്ളിക്കാതിരുന്നതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകുന്നതിനും സമിതി ആവശ്യപ്പെട്ടു.

## 5-11-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

3.15.5 ശ്രീ. വി. തങ്കസ്വാമിയുടെ പേരിലുള്ള റവന്യൂ റിക്കവറി സംബന്ധിച്ച 7 കത്തുകൾ (20-10-2007, 24-11-2009, 4-1-2010, 3-2-2010, 24-10-2010, 3-3-2011, 26-5-2012 എന്നീ തീയതികളിലെ എ 4-598/07 നമ്പർ കത്തുകൾ) നെയ്യാറ്റിൻകര

തഹസിൽദാർക്ക് നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിരുന്നില്ല. ജൂനിയർ സൂപ്രണ്ട് നേരിട്ട് ഹാജരായി നൽകിയ കത്തിനുള്ള മറുപടിയിലാണ് ടിയാന്റെ പേരിൽ സ്വത്തുക്കളില്ല എന്ന മറുപടി ലഭിച്ചിട്ടുള്ളത്. ശ്രീ. വി. തങ്കസ്വാമി മരണപ്പെട്ട വിവരം പിന്നീട് മാത്രം അറിഞ്ഞതിനാലാണ് സമിതി മുമ്പാകെ സമർപ്പിച്ച മറുപടിയിൽ ഉൾക്കൊള്ളിക്കാതിരുന്നതെന്നും ബോധിപ്പിച്ചുകൊള്ളുന്നു. മറുപടി സമർപ്പിച്ച കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന സെക്രട്ടറി ശ്രീ. കെ. സിദ്ദിഖ് (22-4-2010 മുതൽ 7-3-2014-വരെ) ആണെന്നും മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.15.6 റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ സമർപ്പിച്ച മറുപടിയിൽ ഉൾക്കൊള്ളിക്കാതിരുന്നത് പ്രസ്തുത കാലയളവിലെ സെക്രട്ടറിയായ ശ്രീ. കെ. സിദ്ദിഖ് ആണെന്നുള്ളത് ബോദ്ധ്യപ്പെട്ടു.

ശ്രീ. തങ്കസ്വാമിയുടെ പേരിലുള്ള 1,26,999 (38,261+പലിശ 88,738) രൂപയുടെ ബാദ്ധ്യത റവന്യൂ റിക്കവറി നടപടികളിലൂടെ ചുവടെ ചേർത്ത പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് :

| | |
|---|---|
| 11605400001/11-4-2016 | ₹40,000 |
| 11605400002/11-4-2016 | ₹10,800 |
| 11605400003/30-4-2016 | ₹9,530 |
| 11605400008/7-6-2016 | ₹9,530 |
| 11605400009/30-6-2016 | ₹9,530 |
| 11605400011/12-8-2016 | ₹9,530 |
| 11605400024/28-9-2016 | ₹9,530 |
| 11605400027/10-11-2016 | ₹9,530 |
| 11605400028/29-11-2016 | ₹9,530 |
| 11605400029/29-11-2016 | ₹9,530 |
| ആകെ | ₹1,27,040 |

**ഖണ്ഡിക നമ്പർ 60**

<u>ശിപാർശ</u>

3.16 കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും നൽകിയ വിശദീകരണം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 65**

<u>ശിപാർശ</u>

3.17.1 ജോലി വിഭജന ഉത്തരവ് സംബന്ധമായ രേഖകളൊന്നും പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വിനോദ നികുതി, അധിക വിനോദ നികുതി ഇനങ്ങളിലുണ്ടായ 55,370 രൂപയുടെ വരുമാനനഷ്ടം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സുകുമാരൻ, ജൂനിയർ സൂപ്രണ്ട് ശ്രീ. ശ്രീധരൻനായർ, യു.ഡി.ക്ലർക്ക് ശ്രീ. രാജഗോപാലൻ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.17.2 ആർ.ആർ. നടപടികൾക്കായി മലപ്പുറം ജില്ലാ കളക്ടർക്ക് ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചിരുന്നു. തുക ഈടാക്കുന്നതിന് പൊന്നാനി, തിരൂരങ്ങാടി, ഏറനാട് തഹസിൽദാർമാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ. സുകുമാരനും, ശ്രീ. ശ്രീധരൻ നായരും ഹൈക്കോടതിൽ ഡബ്ല്യൂ.പി.(സി)1480/08 നമ്പരായി റിട്ട് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.17.3 റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. സുകുമാരനും, ശ്രീ. ശ്രീധരൻ നായരും ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 1480/08 നമ്പർ കേസ്സിൽ, പഞ്ചായത്ത് ഡയറക്ടർ 8-1-2009-ലെ എം3/24005/08 നമ്പർ കത്തിലൂടെ വസ്തുത വിവരണ പത്രിക ആവശ്യപ്പെട്ടതനുസരിച്ച് 2-2-09-ലെ എ 1-1307/08 നമ്പർ കത്ത് പ്രകാരം വസ്തുതാ വിവരണ പത്രിക സമർപ്പിച്ചിട്ടുണ്ട്. മറ്റ് നടപടികളൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

## 10-11-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.17.4 വട്ടക്കുളം ഗ്രാമപഞ്ചായത്തിൽ വിനോദ നികുതി പിരിച്ചെടുത്തതിൽ കുറവുണ്ടായത് സംബന്ധിച്ച ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ശിപാർശയിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കണമെന്ന നിർദ്ദേശത്തിന്മേൽ സർചാർജ് നടപടികൾ സ്വീകരിക്കാതെ ആർ.ആർ. നടപടികൾ ആരംഭിച്ചതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു.

## സർക്കാർ സ്വീകരിച്ച നടപടി

3.17.5 ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-2008) 5-ാമത് റിപ്പോർട്ടിലെ 65-ാം ഖണ്ഡിക നിർദ്ദേശമനുസരിച്ച് നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും സംഖ്യ ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു. എന്നാൽ റവന്യൂ റിക്കവറി നടപടിക്കെതിരെ മുൻ സെക്രട്ടറി ശ്രീ. സുകുമാരനും ജൂനിയർ സൂപ്രണ്ട് ശ്രീ. ശ്രീധരൻനായരും ബഹു. കേരള ഹൈക്കോടതിയിൽ WP(C)1480/2008 നമ്പരായി അന്യായം ഫയൽ ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് ഏറനാട് താലൂക്ക് ഓഫീസറുടെ 17-7-2011-ലെ R 5440/PAN/10-11 നമ്പർ കത്തുപ്രകാരം അറിയിച്ചതനുസരിച്ച് ശ്രീ. സുകുമാരന് റവന്യൂ റിക്കവറിക്കെതിരെ സ്റ്റേ ലഭിച്ചിട്ടുണ്ട്. പൊന്നാനി താലൂക്ക് ഓഫീസറുടെ 26-4-2011-ലെ E 2/294/2008 നമ്പർ കത്തുപ്രകാരം ശ്രീ.രാജഗോപാലനിൽ നിന്നും റിക്കവറി തുക ഈടാക്കുന്നതിന് യാതൊരുവിധ മാർഗ്ഗവും ഇല്ലെന്നും അറിയിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച അന്യായത്തിനെതിരെ 17-1-2014 തീയതിയിൽ പഞ്ചായത്ത് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തതായും ബോധിപ്പിക്കുന്നു. കേസ്സിൽ പരാതിക്കാരായ സി.കെ. സുകുമാരൻ, പി. ശ്രീധരൻ നായർ എന്നിവർക്ക് എതിരായ റവന്യൂ റിക്കവറി നടപടികൾ റദ്ദാക്കാൻ ഉത്തരവിട്ട് പരാതിക്കാർക്ക് അനുകൂലമായി കേസ് വിധിയായ വിവരം ബോധിപ്പിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.6 നഷ്ടത്തുക 55,370 രൂപ ഈടാക്കുന്നതിനെതിരെ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ശ്രീ. സുകുമാരനും, ശ്രീ. ശ്രീധരൻ നായരും ബഹു.ഹൈക്കോടതിയെ സമീപിച്ചിരുന്നു. പരാതിക്കാർക്ക് അനുകൂലമായി ഹൈക്കോടതി വിധി പ്രഖ്യാപിച്ചതോടൊപ്പം ഇവർക്കെതിരെയുള്ള ഡിമാന്റ് നോട്ടീസുകളും, റവന്യൂ റിക്കവറി നോട്ടീസുകളും അസ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേസ്സിൽ അപ്പീലിന് സാധ്യത ഇല്ലായെന്ന് നിയമോപദേശം ലഭിച്ചതിനാൽ റവന്യൂ റിക്കവറി നടപടികൾ അവസാനിപ്പിച്ച് ബഹു. ജില്ലാ കളക്ടർ റിക്വിസിഷൻ പഞ്ചായത്തിലേയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. നഷ്ടോത്തരവാദിയായ ശ്രീ. രാജഗോപാലനിൽ നിന്നും റിക്കവറി തുക ഈടാക്കാൻ മാർഗ്ഗമില്ലെന്ന് താലൂക്ക് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വിവരങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 71

### ശിപാർശ

3.18.1 വൈദ്യുതി ബോർഡ് ആവശ്യപ്പെടാതെ ബോർഡിൽ മുൻകൂറായി പണമടച്ചതുമൂലം പഞ്ചായത്തിന് നഷ്ടപ്പെട്ട 10,502 രൂപ നാളിതുവരെയും തിരിച്ചു ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇതിന് ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ.ഒ.പി. ഉണ്ണിമേനോന് സർചാർജ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അടിയന്തരനടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.18.2 റവന്യൂ റിക്കവറി നടപടികൾക്കായി 10-2-2008 പാലക്കാട് ജില്ലാ കളക്ടർക്ക് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.18.3 ശ്രീ. ഉണ്ണിമേനോനിൽ നിന്നും 10,502 രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടിയെടുക്കുന്നതിനുവേണ്ടി 15-2-2008-ലെ എ 1-630/07 നമ്പർ കത്തിലൂടെ പാലക്കാട് ജില്ലാ കളക്ടറോട് അപേക്ഷിച്ചിരുന്നു. ഇതോടനുബന്ധിച്ച് ടിയാൻ 10,502 രൂപ ഒറ്റപ്പാലം താലൂക്ക് ഓഫീസിൽ അടവാക്കുകയും തഹസിൽദാർ ടി തുക ഡി.ഡി.നമ്പർ 312106/29-10-2008 പ്രകാരം വട്ടംകുളം പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. (ലെറ്റർ നമ്പർ ആർ.5/20886/08/09/400 തീയതി 5-11-2008) രശീത് നമ്പർ 10745/25/14-11-2008 പ്രകാരം 10,502 രൂപ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 75

### ശിപാർശ

3.19.1 കുടിശ്ശിക തുക മുഴുവൻ ഈടാക്കിയിട്ടുള്ളതായി മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.19.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (മലപ്പുറം) 5-9-2007-ലെ എൽ.എഫ്/എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയ വിവരം അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 80**

ശിപാർശ

3.20.1 പരാമർശം ഒഴിവാക്കണമെന്ന മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ സമിതി അംഗീകരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.20.2 ഈഴത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 98-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 31(എ) പ്രകാരമുള്ള ഓഡിറ്റ് പരാമർശം 4-1-2006-ന് ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കിയതായി അറിയിക്കുന്നു.

**ഖണ്ഡിക നമ്പർ 84**

ശിപാർശ

3.21.1 പരാമർശം ഒഴിവാക്കാമെന്ന മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശിപാർശ അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.21.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ (മലപ്പുറം) 5-9-2007-ലെ എൽ.എഫ്/എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 86**

ശിപാർശ

3.22 പരാമർശം ഒഴിവാക്കിയ മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 88**

ശിപാർശ

3.23.1 അധികം നൽകിയ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.23.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ടെ 5-9-2007-ലെ എൽ. എഫ്./എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 90**

ശിപാർശ

3.24 തടസ്സം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു.

**ഖണ്ഡിക നമ്പർ 94**

ശിപാർശ

3.25.1 ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നുവെന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച തുകയ്ക്കുള്ളിൽ മാത്രമേ എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികം തുക ചെലവഴിച്ചിട്ടുള്ളൂവെന്നുമുള്ള വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കാണുന്നതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.25.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ടെ 5-9-2007-ലെ എൽ.എഫ്./എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 99**

ശിപാർശ

3.26.1 വിനോദ നികുതി പിരിവ് കണക്കാക്കിയതിൽ തെറ്റില്ലെന്നും ഈയിനത്തിൽ നിലമ്പൂർ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ നടത്തിയ സംയുക്ത പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും തടസ്സം ഒഴിവാക്കാമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതിനാലും ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.26.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ടെ 5-9-2007-ലെ എൽ.എഫ്./എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 111**

ശിപാർശ

3.27.1 മെറ്റീരിയൽസിന് അധിക വില നൽകിയ ഇനത്തിലുള്ള നഷ്ടം പ്രാദേശിക പരിശോധനയിൽ 2,283 രൂപയായി മാറ്റം വരുത്തി തുക ഈടാക്കാൻ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളതിനാൽ അധിക തുക നൽകിയതിനുത്തരവാദിയായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.27.2 നഷ്ടത്തുക 2,283 രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) രസീത് നമ്പർ 4972/63 തീയതി 24-11-2008 പ്രകാരം ഓവർസീയർ ശ്രീ. കെ. അബു നിലമ്പൂർ ഗ്രാമപഞ്ചായത്താഫീസിൽ അടവാക്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.27.3 നഷ്ടത്തുക 2,283 രൂപ രസീത് നമ്പർ 4972/63 തീയതി 24-11-2008 പ്രകാരം പഞ്ചായത്താഫീസിൽ അടവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 113**

ശിപാർശ

3.28.1 വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുകൊണ്ടുള്ള പഞ്ചായത്ത് തീരുമാനം പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയവരെല്ലാം പഞ്ചായത്ത് തീരുമാനപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരായതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ (16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ.ജി2/05 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.28.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ടെ 5-9-2007-ലെ എൽ.എഫ്.എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 118**

ശിപാർശ

3.29.1 പഞ്ചായത്ത് പ്രസിഡന്റ് ഒപ്പിട്ട് നൽകിയ ലിസ്റ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.29.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ടെ 5-9-2007-ലെ എൽ.എഫ്.എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

**ഖണ്ഡിക നമ്പർ 120**

<u>ശിപാർശ</u>

3.30.1 മമ്പാട് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട 16 സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ, ക്വട്ടേഷൻ എന്നിവ പരിശോധിച്ച് ലാമ്പ് സ്ഥാപിച്ചതായി ബോദ്ധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ (ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ(ജി2)/2005 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.30.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (മലപ്പുറം)-ടെ 5-9-2007-ലെ എൽ.എഫ്.എം.13/1684/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി അറിയിച്ചിരിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,

തിരുവനന്തപുരം,
2021 ജനുവരി 13.

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ തുടർശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.8 | തദ്ദേശസ്വയംഭരണം | കുറ്റക്കാരനെതിരെയുള്ള വകുപ്പുതല നടപടിയ്ക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലനിൽക്കുന്ന കേസിന്റെ വിധിയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |